**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 866** **26-07-2021 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോം ഗവൺമെന്റ് ഐ.റ്റി.ഐ.ക്ക് പുതിയകെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങോം ഗവൺമെന്റ് ഐ.റ്റി.ഐ.ക്ക് പുതിയകെട്ടിടം നിർമ്മിക്കാൻ വകുപ്പിൽ നിന്ന് ഫണ്ട് അനുവദിച്ചിരുന്നോ എന്നറിയിക്കാമോ; | (എ) | പെരിങ്ങോം ഐ.ടി.ഐയുടെ കെട്ടിടനിർമ്മാണത്തിനായി 3.5 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ച് നൽകിയിരുന്നു. ഭരണാനുമതി അനുവദി ച്ചത് ക്യാപിറ്റൽ ഹെഡ് ആയതിനാൽ പ്രസ്തുത നിർമ്മാണത്തിനായി വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിന് തുക അനുവദിച്ച് നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഡെപ്പോസിറ്റ് വർക്ക് ആയിട്ടാണോ ചെയ്തത് എന്നറിയിക്കാമോ; | (ബി) | ഡെപ്പോസിറ്റ് വർക്ക് ആയിട്ടല്ല പ്രവൃത്തി നിർവ്വഹിക്കുന്നത് . |
| (സി) | ടെണ്ടർ ബാലൻസ് ആയി എത്ര തുക നീക്കിയിരിപ്പുണ്ട്; | (സി) | ടെണ്ടർ ബാലൻസ് ഇനത്തിൽ ആകെ 62,42,015/- രൂപ (അറുപത്തിരണ്ട് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി പതിനഞ്ച് രൂപ മാത്രം) ഉണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട് |
| (ഡി) | നിലവിൽ ഒന്നാം നിലയുടെ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ ടെണ്ടർ ബാലൻസ് തുക ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തികരിക്കാൻ സാധിക്കുമോ; | (ഡി) | ടെണ്ടർ ബാലൻസ് തുക ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ സാങ്കേതിക തടസ്സ മുള്ളതിനാൽ ശേഷിക്കുന്ന പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 51.5 ലക്ഷം രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിയ്ക്കായി പൊതു മരാമത്ത് വകുപ്പ് ശുപാർശ സമർപ്പിച്ചിട്ടുണ്ട് . ഇക്കാര്യം പരിശോ ധിച്ചു വരുന്നു. |
| (ഇ) | ബാക്കിയുള്ള പ്രവൃത്തി ചെയ്യുന്നതിന് ഗവൺമെന്റിൽ നിന്ന് പുതിയ ഭരണാനുമതി ആവശ്യമുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഇ) | ബാക്കിയുള്ള പ്രവൃത്തി ചെയ്യുന്നതിന് പുതിയ ഭരണാനുമതി ആവശ്യമുണ്ടോ എന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ